മേഖലകളിലുണ്ടായിട്ടുള്ള നഷ്ടങ്ങൾ നികത്തുന്നതിലേയ്ക്കായി, നഷ്ടപരിഹാരമായി 50 കോടി രൂപ തമിഴ്നാട് നൽകണമെന്ന് കേരളം ആവശ്യപ്പെട്ടിട്ടുണ്ട്.

(ഡി) പറമ്പിക്കുളം ആളിയാർ പദ്ധതി കരാർ പുതുക്കാൻ, ടി കരാറിൽ പ്രത്യേക വ്യവസ്ഥയില്ല. എന്നാൽ ഓരോ മുപ്പത് വർഷത്തെയും അനുഭവത്തിന്റെ വെളിച്ചത്തിൽ കരാർ പുനരവലോകനം ചെയ്യാമെന്ന് വ്യവസ്ഥയുണ്ട്. 2012-13 ജലവർഷത്തിൽ കേരളത്തിന് കരാർ പ്രകാരം അർഹതപ്പെട്ട ജലം പറമ്പിക്കുളം ആളിയാർ പദ്ധതിയിൽനിന്നും ലഭിച്ചില്ല. ഈ സാഹചര്യത്തിൽ തമിഴ്നാടിന്റെ കരാർ വ്യവസ്ഥ ലംഘനങ്ങൾക്കെതിരെ കേരളം ബഹു. സുപ്രീം കോടതിയിൽ അസ്സൽ അന്യായവും ഇടക്കാല ഹർജിയും ഫയൽ ചെയ്തിട്ടുണ്ട്. ഇതോടൊപ്പംതന്നെ നിലവിലെ സാഹചര്യത്തിൽ കേരളത്തിനർഹതപ്പെട്ട ജലവിഹിതം കൃത്യമായി നേടിയെടുക്കുന്ന തരത്തിൽ ഇരു സംസ്ഥാനങ്ങളും തമ്മിൽ ചർച്ചകളിലൂടെ പരസ്പര ധാരണയിലെത്തി. കരാർ പുനരവലോകനം യാഥാർത്ഥ്യമാക്കാനുള്ള നടപടികളെപ്പറ്റിയും സർക്കാർ ആലോചിക്കുന്നുണ്ട്. ഇതിന് സമഗ്രമായ പരിശോധനയും തുടർ ചർച്ചകളും നടത്തേണ്ടതുണ്ട്.

കോടശ്ശേരി പഞ്ചായത്തിലെ പീലാർമുഴി ലിഫ്റ്റ് ഇറിഗേഷൻ നിർമ്മാണ നടപടികൾ

140 (4426) ശ്രീ. ബി. ഡി. ദേവസ്സി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നബാർഡിന്റെ ധനസഹായത്തോടെ ജലവിഭവ വകുപ്പ് അനുമതി നൽകിയിട്ടുള്ള ചാലക്കുടി മണ്ഡലത്തിലെ കോടശ്ശേരി പഞ്ചായത്തിലെ പീലാർമുഴി ലിഫ്റ്റ് ഇറിഗേഷൻ നിർമ്മാണ നടപടികൾ ഏതു ഘട്ടത്തിലാണ് എന്ന് അറിയിക്കാമോ;

(ബി) നിർമ്മാണം ഉടൻ ആരംഭിക്കുന്നതിനും, കാലതാമസം കൂടാതെ പൂർത്തിയാക്കി ജനങ്ങൾക്ക് ഉപയോഗപ്രദമാക്കുന്നതിനും അടിയന്തര നടപടികൾ സ്വീകരിക്കുമോ?

ഉത്തരം

(എ) പ്രസ്തുത പ്രവൃത്തിയുടെ 25% പണി പൂർത്തീകരിച്ചിട്ടുണ്ട്.

(ബി) പ്രവൃത്തിയുടെ നിർമ്മാണം പുരോഗമിച്ചുവരുന്നു.

LIBRARY ARCHIVES Kerala Legislative Assembly